# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 നവംബർ 30**

---

## സോഷ്യൽ ഓഡിറ്റ് ശിൽപശാല

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് ആൻറ് എക്സ്റ്റൻഷനിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും സോഷ്യൽ ഓഡിറ്റും എന്ന വിഷയത്തിൽ ഇന്ന്(ഡിസംബർ 1) കട്ടപ്പന മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ ശിൽപ്പശാല നടത്തും.

സംസ്ഥാന പ്ലാൻ പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പിനു കീഴിലെ സോഷ്യൽ ഓഡിറ്റിൻറെ കാര്യക്ഷമത വിലയിരുത്തുന്നതിന് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ നടത്തുന്ന പഠനത്തിൻറെ കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് സംസ്ഥാന സോഷ്യൽ ഓഡിറ്റ് യൂണിറ്റുമായി സഹകരിച്ചാണ് ശിൽപശാല നടത്തുന്നത്. സംസ്ഥാന സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ഡോ. എൻ. രമാകാന്തൻ മുഖ്യ പ്രഭാഷണം നിർവഹിക്കും.

ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡൻറ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർ, ജില്ലയിൽ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിലെ ഉദ്യോഗസ്ഥർ, പഞ്ചായത്തുതല സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

(പി.ആർ.ഒ/39/1407/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.വോക് സോഫ്റ്റ് വെയർ ഡെവലപ്മെൻറ് ആൻറ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ(2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ നാലു മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1408/2023)

## വൈവ വോസി

അഞ്ചാം സെമസ്റ്റർ ബി.വോക് ടൂറിസം ആൻറ് ഹോസ്പിറ്റാലിറ്റി, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ്, ടൂറിസം അഡ്മിനിസ്ട്രേഷൻ ആൻറ് ഹോസ്പിറ്റാലിറ്റി(2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം - ഒക്ടോബർ 2023) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ഡിസംബർ നാലു മുതൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/1409/2023)

## പരീക്ഷാ ഫലം

അഫിലിയേറ്റഡ് കോളജുകളിലെ ഇൻറഗ്രേറ്റഡ് എം.എ/എം.എസ്.സി പ്രോഗ്രാമുകളുടെ ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ(2022 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഡിസംബർ 13 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1410/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**